# വിശാലകൊച്ചിവികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 2204261, 2206122 ഫാക്സ് 91 484 2206230 കൊച്ചി-682020
Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. 5089/ഐ.ഒ./2023/ജിസിഡിഎ തീയതി, 11.07.2023

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. വിജിൽ എം. വർഗീസ്,
മേലോത്ത് ഹൗസ്
കുലയേറ്റിക്കര പി.ഒ.
കാഞ്ഞിരമറ്റം.

സർ,

വിഷയം:- ജിസിഡിഎ - ഭരണവിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 14.06.2023 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു. അതോറിറ്റി വക കലൂർ RBI യ്ക്ക് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ 10 ന്റെ അലോട്ടിയായ ശ്രീ. എ. കെ. മുരളിയുടെ അപേക്ഷയിൻ മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ മനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം വാടക കുടിശ്ശിക മുഴുവൻ ടി അലോട്ടി തീർപ്പാക്കിയപ്പോൾ 2020 ജൂൺ മുതൽ 2020 ആഗസ്റ്റ് വരെയുള്ള പിഴപ്പലിശ ഒഴിവാക്കി ടിയാന് നൽകിയിട്ടുള്ളതാണ്.

ജിസിഡിഎ വക ജെഎൻഐ സ്റ്റേഡിയത്തിലെ IHRD സർക്കാരിന് കീഴിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനമായതിനാൽ IHRD യ്ക്ക് കീഴിൽ പ്രവർത്തിയ്ക്കുന്ന മോഡൽ ഫിനിഷിംഗ് സ്കൂൾ പ്രവർത്തിക്കുന്ന B 3101-04 കടമുറികൾക്ക് പലിശയിളവ്

നൽകിയിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് ലഭ്യമാണ്. 12/- രൂപ അടവാക്കി പകർപ്പ് കൈപ്പറ്റാവുന്നതാണ്.

C15, C5(B) C5(0S) കടമുറികൾക്ക് 2001 മുതൽ 2023 വരെ പലിശ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് ഓരോ ഫയലും പരിശോധിക്കേണ്ടതുണ്ട് ആയത് ശ്രമകരവും കാലതാമസം നേരിടുന്നതും സെക്ഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്തുന്നതുമാണ്. 2017-ന് ശേഷം C15, C5(B) C5(0S) സീറ്റുകളിൽ നിന്നും കടമുറികൾക്ക് പലിശ ഇളവ് നൽകിയിട്ടില്ല.

കലൂർ JNIS ൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം പ്രവർത്തിപ്പിക്കുന്നയിനത്തിൽ കൊച്ചി നഗരസഭ ജിസിഡിഎയ്ക്ക് നൽകാനുള്ള വാടക കുടിശ്ശികയ്ക്ക് 10/01/2010 വരെ പലിശയിളവ് നൽകിയിട്ടുണ്ട്. 10.02.2010-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ തീരുമാനിച്ചതനുസരിച്ചാണ് പലിശയിൽ ഇളവ് നൽകിയിട്ടുള്ളത്. ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ ഐ എ വകുപ്പിൽ നിന്നുള്ള 78034/BA3/09/തസ്വഭവ dtd 22/02/2010 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാണ്. 9/- രൂപ അതോറിറ്റിയിൽ അടവാക്കി പകർപ്പ് കൈപ്പറ്റാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബങ്ക്

| കടമുറി നം. | അലോട്ടിയുടെ പേര് | | പലിശയിളവ് നൽകിയതുക |
|---|---|---|---|
| 1) B – 43 | ജോർജ്ജ് ആന്റണി റോസാരിയോ<br>E.C. തീരുമാനം:-38/2019-20. | - | 28,369/- |
| 2) B – 53 | റ്റി. എസ്. സാഗർ<br>E.C. തീരുമാനം:-29/20-21. dt- 19.06.20. | - | 1,05,293/- |
| 3) B – 33 | ആന്റണി ഷൈജു<br>E.C. തീരുമാനം:-88/2019-20. dt- 30.08.19. | - | 72368/- |

കെ.എസ്.ആർ.ടി.സി. ബങ്കുകളുടെ കുടിശ്ശികയിൽ പിഴ പലിശ ആകെ 2,06,030/- രൂപ ഇളവ് നൽകിയിട്ടുണ്ട്.

അതോറിറ്റി വക അംബേദ്കർ സ്റ്റേഡിയത്തിലെ 32, 34, 35 എന്നീ കടമുറികൾ സറണ്ടർ ചെയ്യുന്ന പക്ഷം അതുവരെയുള്ള വാടകയും പലിശയും ഒഴിവാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് നം സ.ഉ.(സാധാ) നം.1513/2012/തസ്വഭവ, തിരുവനന്തപുരം തീയതി 1/6/2012 പ്രകാരം പ്രസ്തുത അലോട്ടികൾക്ക് അനുവദിച്ചിട്ടുണ്ട്.

അംബേദ്കർ സ്റ്റേഡിയത്തിലെ കടമുറികളുടെ വാടക കുടിശ്ശിക ഒഴിവാക്കുന്നത് ശ്രീമതി. സ്നേഹലതയും മറ്റ് 11 പേരും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.17814/2019 നമ്പർ കേസ് പ്രകാരം ഇളവുകൾ അനുവദിച്ചിട്ടുള്ളതാണ്. കേസിലെ വിധി ന്യായം നടപ്പിലാക്കി കൊണ്ടുള്ള ഉത്തരവ് നം സ.ഉ.(സാധാ) നം.352/2020/തസ്വഭവ, തിരുവനന്തപുരം തീയതി 10/2/2020.

അംബേദ്കർ സ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക ഒഴിവാക്കുന്നതും പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതും - ശ്രീമതി ആനി ആന്റോയും മറ്റ് 12 പേരും ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സി)നം 18142/2019 കേസിലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവുള്ളതും (സ.ഉ.(സാധാ)നം.2478/2020/സ്വഭവ dated TVM 31/12/2020 ആയതനുസരിച്ച് കക്ഷികൾക്ക് ഇളവ് നൽകിയിട്ടുള്ളതാണ്.

തസ്വഭവ.- ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള അംബേദ്കർ സ്റ്റേഡിയത്തിലെ അഞ്ച് അലോട്ടികൾക്ക് വാടക ഇളവും പുനരധിവാസ ആനുകൂല്യവും അനുവദിച്ച് ഉത്തരവ് ആയിട്ടുള്ളതിനാൽ സ.ഉ(സാധ)നം.2114/2021/തസ്വഭവ dtd TVM 27/10/2021) ആയത് പ്രകാരം അലോട്ടികൾക്ക് ഇളവുകൾ അനുവദിച്ചിട്ടുള്ളതാണ്.

എസ്റ്റേറ്റ് B4 സെക്ഷനിൽ അലോട്ടികൾക്ക് പിഴ പലിശ ഒഴിവാക്കി നൽകിയിട്ടി ല്ലാത്തതാണ്.

അതോറിറ്റി വക കാക്കനാട് വാണിജ്യ സമുച്ചയത്തിലെ കടമുറികൾക്ക് 20.03.2015 മുതൽ വാടക വർദ്ധിപ്പിച്ചിരുന്നു. ആയതിനെതിരെ IX-380, IX-389, IX-392, IX-393, IX-397, IX-398, IX-400, IX-405 (M) എന്നീ നമ്പർ കടമുറികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, കോടതി ഉത്തരവ് പ്രകാരം അതോറിറ്റി 31/12/17 വരെയുള്ള വാടക കുടിശ്ശികയിൽ പലിശ ഇളവ് നൽകിയിട്ടുള്ളതും ടി കുടിശ്ശിക അടച്ച് തീർന്നിട്ടുള്ളതുമാണ്.

ബാക്കി കടമുറികൾക്ക് 2001 മതൽ 2023 വരെ പലിശ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് ഓരോ ഫയലും പരിശോധിക്കേണ്ടതുണ്ട്. ആയത് ശ്രമകരവും കാലതാമസം നേരിടുന്നതും,

സെക്ഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്നതുമാണ്. 2017-ന് ശേഷം സി 19 സീറ്റിൽ നിന്നും കടമുറികൾക്ക് പലിശ ഇളവ് നൽകിയിട്ടില്ല.

ആയതിനാൽ അപേക്ഷകന് ആവശ്യമുള്ള ഫയലുകൾ പ്രവൃത്തി സമയം ഓഫീസിൽ നേരിട്ട് എത്തി നിയമാനുസൃതം പരിശോധിക്കാവുന്നതും, ആയത് ടിയാൻ ആവശ്യപ്പെടുന്ന മുറക്ക് തീയതിയും സമയവും നിശ്ചയിച്ച് നൽകുന്നതുമാണെന്ന് അറിയിക്കുന്നു.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**ശ്രീ. രാജേഷ് ടി.എൻ.**
അപ്പലേറ്റ് അതോറിറ്റി/സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി - 682 020

വിശ്വസ്തതയോടെ,

**രൂപ ആർ. ടി.**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (i/c)

M-11.07.2023

അയച്ചു
13 JUL 2023